KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.29/PR/PIC/PHQ/17 Date : 14.02.2017

---

## രസീല വധം- സമഗ്ര അന്വേഷണം ആവശ്യപ്പെട്ട് സംസ്ഥാനപോലീസ് മേധാവി മഹാരാഷ്ട്ര ഡി.ജി.പി.ക്ക് കത്തയച്ചു

ഇന്‍ഫോസിസ് ജീവനക്കാരിയായിരുന്ന രസീലരാജു വധിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് സമഗ്രാന്വേഷണം നടത്തണമെന്നഭ്യര്‍ഥിച്ച് സംസ്ഥാനപോലീസ് മേധാവി ലോക്നാഥ് ബഹ്റ മഹാരാഷ്ട്ര ഡി.ജി.പി. ക്ക് കത്തയച്ചു. രസീലയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് സംശയങ്ങള്‍ ഉന്നയിച്ചും സമഗ്രാന്വേഷണം ആവശ്യപ്പെട്ടും രസീലയുടെ പിതാവ് സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിവേദനം നല്കിയിരുന്നു. ഇതേത്തുടര്‍ന്നാണ് മഹാരാഷ്ട്ര പോലീസിന്റെ ക്രൈംബ്രാഞ്ച് വിഭാഗത്തെയോ മറ്റേതെങ്കിലും ഉചിതമായ ഏജന്‍സിയെയോ കൊണ്ട് ഇക്കാര്യത്തില്‍ കൂടുതല്‍ ആഴത്തിലുള്ള അന്വേഷണം നടത്തണമെന്ന് സംസ്ഥാനപോലീസ് മേധാവി ആവശ്യപ്പെട്ടത്.

*********